ക്ഷൻ കോർപ്പറേഷൻ നൽകിയിട്ടുള്ള റേറ്റ് സംബന്ധിച്ചുമാണ് തർക്കങ്ങളും തടസ്സങ്ങളുമുള്ളത്. റേറ്റ് സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി സർക്കാർ തലത്തിൽ ഒരു മൂന്നംഗ സമിതി രൂപീകരിച്ചു. സമിതിയുടെ റിപ്പോർട്ട് ലഭിച്ചാലുടൻ പണി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പറവൂർ മുനിസിപ്പാലിറ്റി, ചിറ്റാറ്റുകര പഞ്ചായത്ത്, വടക്കേക്കര പഞ്ചായത്ത്, ചേന്ദമംഗലം പഞ്ചായത്ത്, കോട്ടുവള്ളി പഞ്ചായത്ത്, പള്ളിപ്പുറം പഞ്ചായത്ത്, കുഴുപ്പിള്ളി പഞ്ചായത്ത്, എടവനക്കാട് പഞ്ചായത്ത് എന്നീ പ്രദേശങ്ങളിലാണ് ഗുണം ചെയ്യുക.

(സി) ഈ സാമ്പത്തികവർഷം തന്നെ ഈ പദ്ധതിയുടെ പണികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(1838) ഒറ്റപ്പാലം ശുദ്ധജലവിതരണ പദ്ധതി

ശ്രീ. വി.സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഒറ്റപ്പാലം മുനിസിപ്പൽ പ്രദേശങ്ങൾക്ക് ശുദ്ധജലവിതരണ പദ്ധതി വിപുലീകരിക്കുന്നതിന് പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ പദ്ധതിക്കുവേണ്ടിയുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്കുവേണ്ടി ഏത് ഏജൻസിയാണ് ധനസഹായം നൽകാൻ തയ്യാറായിട്ടുള്ളത്;

(ഡി) ഈ പദ്ധതിക്കുവേണ്ടി പ്രൊപ്പോസൽ നൽകിയത് എന്നാണ് എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പ്രൊപ്പോസൽ അംഗീകരിച്ചത് ഏത് വർഷത്തിലാണ് എന്ന് വെളിപ്പെടുത്തുമോ;

(എഫ്)ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് കാര്യമായ കാലതാമസം നേരിട്ടതായി ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ഉണ്ടെങ്കിൽ ഈ പദ്ധതി ഉടൻ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1996-ൽ എൽ.ഐ.സി. യുടെ അംഗീകാരം ലഭിച്ച 995.00 ലക്ഷം രൂപ അടങ്കൽത്തുകയുള്ള ഒരു ശുദ്ധജലവിതരണ പദ്ധതി ഒറ്റപ്പാലം മുനിസിപ്പാലിറ്റിക്ക് വേണ്ടി നടപ്പിലാക്കി വരുന്നു.

(ബി) ഈ പദ്ധതിക്ക് ആവശ്യമായ 74287 മീറ്റർ പൈപ്പുകളിൽ 4071 മീറ്റർ പൈപ്പ് ലഭിച്ചിട്ടുണ്ട്. ഇതിൽ 300 എം.എം. ക്ലാസ് 10. 1250 മീറ്റർ വിതരണ ശൃംഖല മേഖല 4 ന് വേണ്ടി 24.11.99 ന് ടെണ്ടർ വിളിക്കുകയും, 16.12.99-ന് പണി ആരംഭിക്കുകയും ചെയ്തു. 300 എം.എം.സി.ഐ. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ 1850 മീറ്ററിന്റെ പണി, ഉറവിടത്തിന്റെ കിണറിന്റെ പണി, എന്നിവയുടെ ടെണ്ടർ തൃശൂർ സർക്കിൾ ഓഫീസിൽ നിന്നും ക്ഷണി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ട്. ട്രീറ്റ്മെന്റ് പ്ലാന്റ്, റിസർവോയർ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കു വേണ്ടിയുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർക്കു സമർപ്പിച്ചിട്ടുണ്ട്. ബാക്കി വരുന്ന പമ്പിംഗ് മെയിൻ , ട്രാൻസ്മിഷൻമെയിൻ എന്നിവയുടെ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് പരിശോധന ഘട്ടത്തിലാണ്.

(സി) എൽ.ഐ.സി.

(ഡി) എൽ.ഐ.സി. യുടെ ധനസഹായത്തിന് സമർപ്പിച്ചത് 22.12.1995-ൽ ആണ്.

(ഇ) ഭരണാനുമതി 9/3/94-ലും സാങ്കേതികാനുമതി 1995 ലും നൽകി. എൽ.ഐ.സി. യുടെ അംഗീകാരം ലഭിച്ചത് 1996 മാർച്ച് മാസത്തിലാണ്.

(എഫ്) ഉണ്ട്.

(ജി) ട്രീറ്റ്മെന്റ് പ്ലാന്റ്, റിസർവോയർ, സംപ് എന്നിവയ്ക്കാവശ്യമായ സ്ഥലം ലഭിച്ചിട്ടില്ല. സ്ഥലം ലഭിച്ചാലുടൻ പദ്ധതി പൂർത്തിയാക്കുന്നതാണ്.

(1839) കൊടുവള്ളി സമഗ്ര ശുദ്ധജല വിതരണ പദ്ധതി

ശ്രീ. സി. മമ്മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ കൊടുവള്ളി സമഗ്ര ശുദ്ധജലവിതരണ പദ്ധതി മുഖേന ഏതൊക്കെ പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു;

(ബി) ഈ പദ്ധതി എന്നാണ് പൂർത്തിയാക്കിയത്;

(സി) എത്ര കോടി രൂപ ഇതിന് മുതൽ മുടക്കി;

(ഡി) ലക്ഷ്യമിട്ടിരുന്ന നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(എഫ്) ഈ പദ്ധതി ലക്ഷ്യം കാണുന്നതിൽ എന്തെങ്കിലും ബദൽ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ജി) എങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ;

(എച്ച്) ബദൽ നിർദ്ദേശം എന്നത്തേക്ക് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഐ) കിഴക്കോത്ത് പഞ്ചായത്തിലെ ചെറുമല വാട്ടർ ടാങ്കിലേക്ക് വെള്ളം എത്തിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കൊടുവള്ളി, കിഴക്കോത്ത്, മടവൂർ എന്നീ പഞ്ചായത്തുകളിൽ ശുദ്ധജലവിതരണം നടത്തുന്നതിനുവേണ്ടിയാണ് ഈ പദ്ധതി നടപ്പാക്കിയത്.

(ബി) 1996 മാർച്ച് മാസത്തിൽ.

(സി) 274.48 ലക്ഷം രൂപ ചെലവഴിച്ചു.

(ഡി) ഭാഗികമായി സാധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly